രും ജലാറ്റിൻ ഉത്പാദിപ്പിക്കുന്നത്. ചോളത്തിൽ നിന്നും ജലാറ്റിൻ ഉത്പാദിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടക്കുന്നുണ്ട്. എല്ല് ഒഴിവാക്കുന്നതോടെ ഘനലോഹങ്ങൾ സൃഷ്ടിക്കുന്ന അപകടവും ഒഴിവാക്കാൻ കഴിയും. ഇത്തരത്തിലുള്ള പുതിയ സാധ്യതകളോട് പുറം തിരിഞ്ഞുനിൽക്കുന്നതിനാൽ നിറ്റാജലാറ്റിന് വലിയ ഭാവിയില്ല.

**ജലാറ്റിൻ ശുദ്ധമായിരിക്കാം, പക്ഷെ...**

മനുഷ്യന് ഒഴിവാക്കാൻ കഴിയാത്ത പല മരുന്നുകളും നിർമ്മിക്കുന്നതിനാണ് ജലാറ്റിൻ ഉപയോഗിക്കുന്നതെന്നും അതുകൊണ്ട് അപകടകരമായതൊന്നും അതിലുണ്ടാകില്ലെന്നുമാണ് കമ്പനിയുടെ വാദം. അതിൽ കഴമ്പില്ല. നിങ്ങളുടെ അന്തിമ ഉത്പന്നം ശുദ്ധമാണെന്നതുകൊണ്ട് അതിന്റെ ഉത്പാദന പ്രക്രിയ ശുദ്ധമാകണമെന്നില്ല. സ്വർണ്ണത്തിന്റെ കാര്യം പോലെയാണത്. സ്വർണ്ണം പരിശുദ്ധമായിരിക്കും. എന്നാൽ സ്വർണ്ണഖനനം ചെയ്യുന്ന സ്ഥലങ്ങളിലും റിഫൈനറികളിലുമെല്ലാം മാരകമായ ഘനലോഹങ്ങളടങ്ങിയ മാലിന്യങ്ങൾ ഉണ്ടാകാറുണ്ട്. ജലാറ്റിന്റെ കാര്യവും അതുപോലെയാണ്.

**ജപ്പാനിലേക്കെത്തണം**

നിറ്റാജലാറ്റിൻ കമ്പനിയുടെ മലിനീകരണത്തിനെതിരെ ജപ്പാനിൽ കാമ്പയിൻ തുടങ്ങുന്നതും പ്രധാനമാണ്. കാരണം, കാഡ്മിയം എന്ന ഘനലോഹം കാരണമുള്ള മലിനീകരണത്തിന്റെ ഭീകരത മറക്കാൻ കഴിയുന്നവരല്ല ജപ്പാൻകാർ. ജലത്തിൽ കാഡ്മിയത്തിന്റെ അളവ് കൂടിയത് കാരണം നിരവധി പേർ രോഗികളായി തീർന്ന നാടാണത്. ഇറ്റ, ഇറ്റ എന്നാണ് അവർ രോഗത്തിനെ വിളിക്കുന്നത്. അതിന് കാരണക്കാരായ മൈനിംഗ് കമ്പനികൾ ജനങ്ങളുടെ പ്രതിഷേധത്തെ തുടർന്ന് അടച്ചുപൂട്ടിയിരുന്നു. ■

വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അപാകതകളെക്കുറിച്ചും
ട്രേഡ് യൂണിയൻ നുണകളെക്കുറിച്ചും സംസാരിക്കുന്നു.
പ്രമുഖ പരിസ്ഥിതി പ്രവർത്തകനും ശാസ്ത്രജ്ഞനുമായ

**പ്രൊഫ. എം.കെ. പ്രസാദ്**

# ട്രേഡ് യൂണിയനുകളുടെ സമീപനം മാറണം

**മഴക്കാലത്ത്** സാമ്പിൾ പരിശോധന നടത്താൻ പാടില്ല എന്ന പ്രാഥമികമായ കാര്യം പോലും പരിഗണിക്കാതെയാണ് തൃശൂർ ജില്ലാ കളകട്റുടെ നേതൃത്വത്തിൽ രൂപീകരിച്ച വിദഗ്ധ സമിതി പ്രവർത്തിച്ചിരിക്കുന്നത്. കാറ്റ്, മഴ, പൊടി ഇവയുള്ളപ്പോൾ സാമ്പിൾ പരിശോധന നടത്താൻ പാടില്ലെന്നത് ആഗോളമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന മാനദണ്ഡമാണ്. മഴപെയ്യുമ്പോൾ ഒരു തുറന്ന ടാങ്കിൽ നിന്നും സാമ്പിളെടുത്താൽ മഴവെള്ളം കൊണ്ടുതന്നെ അത് നിർവീര്യമാക്കപ്പെട്ടിരിക്കും. കാതിക്കുടത്ത് അതാണ് സംഭവിച്ചിരിക്കുന്നത്.

കമ്പനിയുടെ തുറന്ന രണ്ട് മലിനജല സംഭരണികളിൽ നിന്നും മഴക്കാലത്ത് അവർ എടുത്തിരിക്കുന്ന സാമ്പിൾ ശരിയായ ഫലം കാണിക്കില്ല. വിദഗ്ധ സമിതി പഠനങ്ങൾക്ക് അംഗീകരിക്കപ്പെട്ടിരിക്കുന്ന മാനദണ്ഡങ്ങൾ തെറ്റിച്ചിരിക്കുന്നു എന്നുതന്നെ പറയാം. ഈ സാമ്പിൾ പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിലാണ് നാളെ സർക്കാർ തീരുമാനം വരാൻ പോകുന്നതെങ്കിൽ അത് ജനങ്ങൾക്ക് ഗുണം ചെയ്യില്ല. എല്ലാം അനുവദനീയമായ പരിധിക്കുള്ളിൽ മാത്രമാണുള്ളതെന്നാണ് ഈ പഠനം പറയുന്നത്. അതുകൊണ്ടുതന്നെ കമ്പനിക്ക് അനുകൂലമായ തീരുമാനമാണ് വരാൻ പോകുന്നത്. വിദഗ്ധ സമിതി അംഗങ്ങൾ നടത്തിയ ചർച്ചയുടെ മിനുട്ട്സ് റിപ്പോർട്ടിനൊപ്പം ഇല്ലാത്തതിനാൽ അംഗങ്ങളുടെ തന്നെ ഭിന്നാഭിപ്രായങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുമില്ല. കൂടാതെ, വിദഗ്ധസമിതി റിപ്പോർട്ട് ചർച്ചചെയ്യുന്നതിനായി ജില്ലാ കളക്ടർ വിളിച്ച യോഗത്തിലേക്ക് സമരം ചെയ്യുന്നവരെ വിളിക്കാതിരുന്ന സാഹചര്യം കൂടി കണക്കിലെടുത്ത് അവർ ഈ റിപ്പോർട്ടിനെതിരെ രംഗത്ത് വരണം. റിപ്പോർട്ട് സർക്കാറിന് അയച്ചുകൊടുത്തിട്ടുണ്ടാകാം. വിദഗ്ധ റിപ്പോർട്ടുകൾ പരി

⇨ *വിശ്വസിക്കൻ കഴിയുന്ന ഏജൻസില്ല മലിനീകരണ നിയന്ത്രണ ബോർഡെന്ന് മനസ്സിലായത് ആ പഠനത്തിനിടയ്ക്കാണ്* ⇨



സംയുക്ത ട്രേഡ് യൂണിയനുകളുടെ ആഭിമുഖ്യത്തിൽ ചാലക്കുടിയിൽ നടന്ന യോഗത്തിൽ ഉപയോഗിച്ച പരിസ്ഥിതി സമരങ്ങൾക്കെതിരെയുള്ള ഒരു ബാനർ

ശോധിക്കുന്നതിനുള്ള സർക്കാറിന്റെ സയൻസ്, ടെക്നോളജി ആന്റ് എൻവിയോൺമെന്റ് കമ്മിറ്റിയാണ് റിപ്പോർട്ടിനെക്കുറിച്ചുള്ള അഭിപ്രായം മുഖ്യമന്ത്രിയോട് പറയേണ്ടത്. സർക്കാറിന്റെ താത്പര്യത്തിന് എതിരായ ഒരു തീരുമാനം അവർ പറയുമെന്ന് തോന്നുന്നില്ല. മാത്രമല്ല വളരെ നീണ്ട ഒരു പരിപാടിയായിരിക്കും അത്.

**ചാലിയാറിലെ അനുഭവം**

സമരസമിതി സ്വതന്ത്രമായി പഠനം നടത്താൻ തയ്യാറാകാതെ ഒരുകാര്യവുമില്ല. സർക്കാർ ഏജൻസികൾ നടത്തുന്ന പഠനങ്ങളെ വിശ്വസിക്കാൻ കഴിയില്ലെന്നാണ് എക്കാലത്തെയും ചരിത്രം. ചാലിയാർ സമരവുമായി ബന്ധപ്പെട്ട് ശാസ്ത്ര സാഹിത്യ പരിഷത്ത് അത്തരമൊരു പഠനത്തിന് മുൻകൈയെടുത്തിരുന്നു. മലിനീകരണ നിയന്ത്രണ ബോർഡും ഗ്രാസിം കമ്പനിയും പറയുന്ന വിവരങ്ങൾ വിശ്വസിക്കാൻ കഴിയാതെ വന്നപ്പോഴാണ് സ്വതന്ത്ര പഠനത്തിന് മുൻകൈയെടുത്തത്. മലിനീകരണത്തെക്കുറിച്ചുള്ള എല്ലാ പരാതികളും ഞങ്ങൾ വിശദമായി അന്വേഷിച്ചു. കമ്പനിയുടെ ഉള്ളിൽ നിന്നും ശരിയായ സാമ്പിൾ കിട്ടുന്നതിനായി പല തൊഴിലാളികളും സഹായിച്ചു. കമ്പനിയോട് ചോദിച്ചാൽ തരുന്ന സാമ്പിൾ ശരിയാകണമെന്നില്ല. കമ്പനി രജിസ്റ്ററിൽ എഴുതുന്ന ദിവസേനെയുള്ള ടെസ്റ്റ് റിസൾട്ടുകളും വിശ്വസിക്കാൻ കഴിയില്ല. കേരളത്തിന് പുറത്തുള്ള അംഗീകൃത സ്വകാര്യ ലാബുകളിലാണ് ഞങ്ങൾ സാമ്പിൾ പരിശോധന നടത്തിയത്. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും കിട്ടേണ്ടിയിരുന്ന ചില വിവരങ്ങൾ അവിടെയുള്ള ചില ഉദ്യോഗസ്ഥരുടെ രഹസ്യ സഹായത്തോടെ കിട്ടി. അങ്ങനെ ലഭിച്ച വിവരങ്ങൾ വിശദമായി പഠിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

എന്നാൽ റിപ്പോർട്ട് പുറത്തുവന്നിട്ടും സർക്കാർ നടപടികളൊന്നും എടുത്തില്ല. ഞങ്ങൾ ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതി ഞങ്ങളുടെ പഠന റിപ്പോർട്ട് പരിശോധിച്ചുകൊണ്ട് മാവൂർ റയോൺസിനെതിരെ നടപടി വേണമെന്ന് വിധിച്ചു. കമ്പനി ഒരു മാസത്തേക്ക് അടച്ചിട്ടു. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ പലതും ഏർപ്പെടുത്തിയ ശേഷമാണ് അവർക്ക് പിന്നീട് കമ്പനി തുറക്കാൻ കഴിഞ്ഞത്. വിശ്വസിക്കൻ കഴിയുന്ന ഏജൻസിയല്ല മലിനീകരണ നിയന്ത്രണ ബോർഡെന്ന് മനസ്സിലായത് ആ പഠനത്തിനിടയ്ക്കാണ്. വെള്ളത്തിന്റെ ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ് 60 ആണെങ്കിൽ അവർ ആറ് എന്നെഴുതും എന്നതായിരുന്നു ഞങ്ങളുടെ അനുഭവം. കോടതികൾ പലപ്പോഴും വിലയ്ക്കെടുക്കുന്നത് ഇത്തരം സർക്കാർ ഏജൻസികളുടെ റിപ്പോർട്ടാണ്.

**മലിനീകരണവും നിയമങ്ങളും**

നിയമങ്ങളുണ്ടെങ്കിലും നടപ്പിലാക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താനുള്ള സംവിധാനങ്ങളില്ല എന്നതാണ് വ്യവസായിക മലിനീകരണം ഈ രീതിയിൽ തുടരാനുള്ള കാരണം. മലിനീകരണമുണ്ടെന്ന് തെളി

ഞ്ഞാൽ മലിനീകരണ നിയന്ത്രണ ബോർഡിന് ഏത് കമ്പനിക്കും നോട്ടീസ് അയയ്ക്കുന്നതിനുള്ള അധികാരമുണ്ട്. നിങ്ങളുടെ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ശരിയല്ല, അതിനാൽ നിങ്ങൾക്കെതിരെ ഞങ്ങൾ നടപടിയെടുക്കാൻ പോവുകയാണ് എന്നറിയിച്ചുകൊണ്ടാണ് നോട്ടീസ് അയയ്ക്കുന്നത്. ഒപ്പം കമ്പനിയെ കുറ്റവിചാരണ ചെയ്യുന്നതിനായി ഒരു ലോവർ കോർട്ടിൽ (മുൻസിഫ് – മജിസ്ട്രേറ്റ് കോടതി) കേസും ഫയൽ ചെയ്യണം. എന്നാൽ കമ്പനി ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങുകയും തുടർന്ന് പ്രവർത്തിക്കുകയും ചെയ്യുന്നു. ഇതാണ് സാധാരണയായി സംഭവിക്കാറുള്ളത്. മലിനീകരണ നിയന്ത്രണ ബോർഡ് രൂപീകൃതമായ ശേഷം ഇതുവരെ ഒരു കമ്പനിയും ശിക്ഷിക്കപ്പെട്ടിട്ടില്ല. 2005ൽ മലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട സുപ്രീംകോടതി എംപവേർഡ് കമ്മിറ്റി കേരളത്തിലെത്തി. മാരകമായ മലിനീകരണത്തിന് കാരണക്കാരായ 273 വ്യവസായങ്ങളെക്കുറിച്ച് അവർ പഠിക്കുകയും സർക്കാറിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇത്രയും രൂക്ഷമായ മലിനീകരണം നടക്കുന്നുണ്ടായിരുന്നിട്ടും നിശബ്ദമായിരുന്ന മലിനീകരണ നിയന്ത്രണ ബോർഡിനെ കുറ്റവിചാരണ ചെയ്യണമെന്ന് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നുണ്ട്. എന്നാൽ കൂടുതൽ സമയം ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ അതിൽ നിന്നും ഒഴിഞ്ഞുമാറി. അതിന്റെ പേരിൽ മലിനീകരണ നിയന്ത്രണ ബോർഡ് ഇപ്പോഴും ശിക്ഷിക്കപ്പെട്ടിട്ടില്ല.

വ്യവസായങ്ങൾക്കെല്ലാം അവർ സൃഷ്ടിക്കുന്ന മാലിന്യം ശുദ്ധീകരിച്ച ശേഷം മാത്രമെ പുഴയിലേക്ക് ഒഴുക്കാനുള്ള അവകാശമുള്ളൂ. ദോഷകരമല്ലാത്ത പരിധിയിലേക്ക് മാലിന്യങ്ങൾ എത്തിയോ എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമെ ഇത്തരത്തിൽ പുറത്തേക്കൊഴുക്കാൻ പാടുള്ളൂ. ആ നിബന്ധന പ്രകാരമാണ് മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനികൾക്ക് അനുമതി നൽകാറുള്ളത്. ഓരോ ആറുമാസം കഴിയുമ്പോഴും വീണ്ടും പരിശോധന നടത്തിയ ശേഷം ലൈസൻസ് പുതുക്കി നൽകണം. എന്നാൽ മിക്കപ്പോഴും ഈ പ്രാഥമികമായ നിയമം പോലും തെറ്റിക്കപ്പെടുന്നതായാണ് കാണാൻ കഴിയുന്നത്. കാതിക്കുടത്തും ഇതൊന്നും പാലിക്കപ്പെട്ടിട്ടില്ല. സമരസൗഹാർദ്ദ നേതാക്കന്മാർ അവിടെ വന്ന് പ്രസംഗിക്കാൻ കാണിക്കുന്ന താത്പര്യം ഇത്തരം നിയമലംഘനങ്ങൾ തങ്ങളുടെ അധികാരമുപയോഗിച്ച് തടയുന്നതിൽ കാണിച്ചിരുന്നെങ്കിൽ കാതിക്കുടം പ്രശ്നം എന്നേ പരിഹരിക്കപ്പെടുമായിരുന്നു.

ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയെ കുറ്റവിചാരണ ചെയ്യുന്നതിനായി വർഷങ്ങൾക്ക് മുമ്പ് മലിനീകരണ നിയന്ത്രണ ബോർഡ് നോട്ടീസ് അയച്ചു. ലോവർ കോടതിയിൽ കേസും കൊടുത്തു. വിധി അവർക്ക് അനുകൂലമായി വന്നു. എന്നാൽ മലിനീകരണ നിയന്ത്ര നിയമത്തിൽ ഡയറക്ഷൻ എന്ന ഒരുവകുപ്പുണ്ട്. അതുപ്രകാരം, നപടിക്രമം നീട്ടിവയ്ക്കണമെന്നും കമ്പനിക്ക് കുറച്ചുകൂടെ സമയം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് സർക്കാറിനോട് മലിനീകരണ നിയന്ത്രണ ബോർഡിന് നിർദ്ദേശം നിൽകാൻ അധികാരമുണ്ട്. അങ്ങനെ ആറുമാസത്തേക്ക് കൂടി ട്രാവൻകൂർ ടൈറ്റാറ്റിയത്തിന് പ്രവർത്തനം തുടരാനുള്ള അനുമതി കിട്ടി. ആറുമാസത്തേക്കുള്ള ആ അനുമതിയുമായാണ് ആറ് വർഷത്തിലധികമായി കമ്പനി പ്രവർത്തിക്കുന്നത്.

**തൊഴിലാളി യൂണിയനുകൾ**

തൊഴിലാളി യൂണിയനുകൾ പരിസ്ഥിതി സമരങ്ങളെല്ലാം തങ്ങൾക്ക് എതിരാണെന്ന നിലപാട് കാതിക്കുടത്തും തുടരുകയാണ്. ഏലൂരിലെ വ്യാവസായിക മലിനീകരണ പ്രശ്നത്തിൽ ഇടപെട്ടപ്പോഴെല്ലാം ഞാൻ തൊഴിലാളി യൂണിയനുകളുമായി സംസാരിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ അവർ ചർച്ചയ്ക്ക് സന്നദ്ധരല്ല. തൊഴിൽ നഷ്ടമാകുമെന്ന അവരുടെ വാദം പൂർണ്ണമായും ശരിയല്ല. രണ്ട് സന്ദർഭത്തിൽ മാത്രമെ തൊഴിലാളികളെ പുനഃരധിവസിപ്പിക്കാതെ വ്യവസായശാലകൾ അടച്ചുപൂട്ടാൻ കഴിയൂ. ഒന്ന്, എന്തെങ്കിലും പ്രകൃതി ദുരന്തം നടന്ന് വ്യവസായത്തിന് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകണം. രണ്ട്, അവർക്ക് പ്രവർത്തിക്കാൻ വേണ്ട വിഭവങ്ങൾ ഇല്ലാതെയാകണം. ഈ രണ്ട് സന്ദർഭത്തിലല്ലാതെ വ്യവസായശാലകൾക്ക് തൊഴിലാളികളെ പുനരധിവസിപ്പിക്കാതെ പൂട്ടാൻ കഴിയില്ല. മലിനീകരണം കാരണമാണ് വ്യവസായശാല പൂട്ടുന്നതെങ്കിൽ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകേണ്ടിവരും. ഇക്കാര്യം മറച്ചുവച്ചുകൊണ്ടാണ് ട്രേഡ് യൂണിയനുകൾ തൊഴിൽ നഷ്ടമാകുമെന്നും തൊഴിലാളികൾ പട്ടിണിയിലാകുമെന്നും പറയുന്നത്. ട്രേഡ് യൂണിയനുകൾ ഒരുമിച്ച് ഒരു കൺസോർഷ്യമുണ്ടാക്കിയാണ്

ഇപ്പോൾ പരിസ്ഥിതി പ്രവർത്തകരെ അക്രമിക്കുന്നത്. ഏലൂരിൽ പലരെയും അവർ കള്ളകേസിൽ കുടുക്കുന്നു. വ്യക്തമായ രാഷ്ട്രീയമില്ലാത്തതിന്റെ പ്രശ്നമാണിത്. മലിനീകരണം കുറയ്ക്കാനുള്ള സാധ്യതകൾ മിക്ക വ്യവസായശാലകൾക്കുമുണ്ട്. എന്നാൽ അതിന് അവരെ പ്രേരിപ്പിക്കുന്നതിന് പകരം മലിനീകരണം നടത്തുന്നതിന് കൂട്ടുനിൽക്കുകയാണ് തൊഴിലാളി യൂണിയനുകൾ ചെയ്യുന്നത്.

മാവൂറിൽ തന്നെ ആസിഡ് ഹൈഡ്രോളിസിസ് എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് പൾപ്പ് ഉണ്ടാക്കിയതുകൊണ്ടാണ് ഇത്രയും മലിനീകരണമുണ്ടായത്. പകരം എൻസൈം ഹൈഡ്രോളിസിസ് എന്ന ടെക്നോളജി ഉപയോഗിച്ചിരുന്നെങ്കിൽ മലിനീകരണം ഇല്ലാതാക്കാമായിരുന്നു. എന്നാൽ അതിന് ചിലവ് കൂടുതലാണ്. ലാഭം നോക്കുന്നതുകൊണ്ട് മാത്രമാണ് പല വ്യവസായങ്ങളും ഇപ്പോഴും മലിനീകരണം തുടരുന്നത്. അല്ലാതെ മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇല്ലാഞ്ഞിട്ടല്ല. തൊഴിലാളികളുടെ കൂടി സുരക്ഷ കണക്കിലെടുത്ത് ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്താൻ കമ്പനികളോട് ആവശ്യപ്പെടുകയാണ് ട്രേഡ് യൂണിയനുകൾ ചെയ്യേണ്ടത്. സി.ഐ.ടി.യു നേതാവ് കെ. ചന്ദ്രൻപിള്ളയോടെല്ലാം ഞാൻ ഇക്കാര്യം സംസാരിക്കാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ കേൾക്കാൻ തയ്യാറാകില്ല. കെമിസ്ട്രിയിൽ ബിരുദമുള്ളയാളാണ് അദ്ദേഹം. കെമിക്കൽ ഫാക്ടറികളിൽ നടക്കുന്ന പ്രക്രിയകൾ മലിനീകരണം ഒഴിവാക്കുന്ന തരത്തിൽ എങ്ങനെ മാറ്റാമെന്ന് ചിന്തിക്കാനുള്ള ശേഷിയുള്ളയാളാണ് ചന്ദ്രൻപിള്ള. പക്ഷെ അക്കാര്യം സംസാരിക്കാൻ തയ്യാറാകില്ല. ട്രേഡ് യൂണിയനുകൾ സംയുക്തമായി ചേർന്ന് കമ്പനികളെ ഇത്തരത്തിൽ ന്യായീകരിക്കാൻ ശ്രമിക്കുന്നത് ലോകത്തൊരിടത്തും ഞാൻ വേറെ കണ്ടിട്ടില്ല. ■

തന്റെ വിയോജിപ്പുകൾ രേഖപ്പെടുത്തുന്നു,
സമരപ്രവർത്തകരുടെ ആശ്യപ്രകാരം വിദഗ്ധ സമിതിയിൽ നിയുക്തയാക്കപ്പെട്ട

**ഡോ. എ. ലത**

# റിപ്പോർട്ട് അവ്യക്തമാണ്

**നിറ്റാ** ജലാറ്റിൻ കമ്പനിയുമായി ബന്ധപ്പെട്ട് കാതിക്കുടത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി തൃശൂർ ജില്ലാ കളക്ടർ നിയോഗിച്ച വിദഗ്ധ സമിതിയിൽ ഞാനും അംഗമായിരുന്നെങ്കിലും അന്തിമ റിപ്പോർട്ടിൽ ഞാനും തൃപ്തയല്ല. മലിനീകരണത്തിനെതിരെ സമരം ചെയ്യുന്നവരുടെ പ്രതിനിധിയായാണ് എന്നെ വിദഗ്ധ സമിതിയിൽ ഉൾപ്പെടുത്തിയത്. എന്നിട്ടും ഞാൻ പറഞ്ഞ നിർദ്ദേശങ്ങൾ പലതും ഉൾപ്പെടുത്താൻ അവർ തയ്യാറായില്ല. വിദഗ്ധ സമിതിയുടെ പ്രവർത്തനം തന്നെ തൃപ്തികരമായ രീതിയിലല്ല നടന്നത്. 2013 ജൂലായ് 16ന് ആണ് ആദ്യമായി വിദഗ്ധ സമിതി തൃശൂർ കളക്ട്രേറ്റിൽ വച്ച് യോഗം ചേരുന്നത്. അന്ന് ഉച്ചയ്ക്ക് ശേഷമാണ് സാമ്പിൾ പരിശോധനയ്ക്കായി കാതിക്കുടത്തേക്ക് പോകുന്നത്. കാലവർഷം ശക്തമായിരുന്ന ദിവസമാണത്. മഴപെയ്യുമ്പോൾ ശേഖരിച്ച സാമ്പിൾ ആയതിനാൽ തന്നെ ഈ റിപ്പോർട്ടിലെ സാമ്പിൾ പരിശോധനാ ഫലങ്ങൾ കൃത്യമല്ല. അതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നത് അശാസ്ത്രീയമാണ്. മഴ കഴിഞ്ഞ ശേഷം വിശദമായ പരിശോധനകൾ വീണ്ടും നടത്തേണ്ടതുണ്ടെന്ന് റിപ്പോർട്ട് പറയുന്നുണ്ട്.

പുഴ മലിനീകരണമാണ് പ്രധാനമായി അവിടെ ഉന്നയിക്കപ്പെടുന്ന പ്രശ്നം. പുഴയിൽ വെള്ളം കൂടുതലായതിനാൽ അവിടെ നിന്നും സാമ്പിൾ എടുക്കാൻ കഴിഞ്ഞിട്ടില്ല. സാമ്പിൾ പരിശോധന ഫലങ്ങൾ പുറത്തുവന്ന ശേഷം ജൂലായ് 29ന് ആണ് വിദഗ്ധ സമിതി അംഗങ്ങൾ തുടർ വിലയിരുത്തലുകൾക്കായി വീണ്ടും കളക്ട്രേറ്റിൽ കൂടിയിരുന്നത്. റിപ്പോർട്ടിൽ പറയുന്ന 10 നിർദ്ദേശങ്ങൾ ആ യോഗത്തിൽ നിശ്ചയിച്ചതാണ്. ഈ പരിശോധനാഫലം മാത്രം കണക്കിലെടുത്ത് തീരുമാനമെടുക്കരുതെന്ന് ഞാൻ യോഗത്തിൽ അവശ്യപ്പെട്ടു. കമ്പനിയുടെ ട്രാക്ക് റിക്കോർഡ് അത്ര ശുദ്ധമല്ലാത്തതിനാൽ എൻ.ജി.ഐ.എൽ മലിനീകരണത്തെക്കുറിച്ച് ഇതുവരെ നടന്ന പഠനങ്ങളെല്ലാം പരിഗ